दूरभाष / Phone: 0481-2301231, एक्सटेंशन/Extension-346 फैक्स / FAX: 0481-2574902 ई-मेल / e-mail: ppr@rubberboard.org.in वेबसाइट / website: www.rubberboard.org.in

रबड़ बोर्ड
(भारत सरकार, वाणिज्य एवं उद्योग मंत्रालय)
पी.बी.नं.1122, सब जेल रोड, कोट्टयम 686 002
केरल राज्य, भारत
प्रचार व जनसंपरक प्रभाग

THE RUBBER BOARD
(Government of India, Ministry of Commerce & Industry)
P.B.NO.1122, SUB JAIL ROAD, KOTTAYAM - 686 002
KERALA STATE, INDIA.

150 YEARS OF CELEBRATING THE MAHATMA

PUBLICITY AND PUBLIC RELATIONS DIVISION

Ref.No.48/01(PRM-63)/2019-20/PUB

<u>പ്രസ്സ് റിലീസ്</u>

# റബ്ബറുത്പാദന പ്രോത്സാഹനപദ്ധതിയിലേക്ക് നവംബർ 30 വരെ അപേക്ഷിക്കാം

കോട്ടയം

24 ഒക്ടോബർ 2019

കേരളത്തിലെ റബ്ബർകർഷകർ ഉത്പാദിപ്പിക്കുന്ന റബ്ബറിന് കിലോഗ്രാമിന് കുറഞ്ഞത് 150 രൂപ വില ഉറപ്പുവരുത്തുക എന്ന ലക്ഷ്യത്തോടെ കേരളസർക്കാർ റബ്ബർബോർഡിന്റെ സഹകരണത്തോടെ നടപ്പാക്കിവരുന്ന റബ്ബറുത്പാദന പ്രോത്സാഹനപദ്ധതിയിൽ ചേരാത്ത കർഷകർക്ക് 2019 നവംബർ 30 വരെ അപേക്ഷകൾ സമർപ്പിക്കാം. ഷീറ്റുറബ്ബർ കിലോഗ്രാമിന് 150 രൂപയും റബ്ബർപാൽ കിലോഗ്രാമിന് 142 രൂപയും ഉറപ്പാക്കുന്ന ഈ പദ്ധതിയിലേക്ക് അപേക്ഷിക്കുന്നതിനുള്ള കാലാവധി സെപ്റ്റംബർ 30-ന് അവസാനിച്ചിരുന്നു. പുതിയ അപേക്ഷകളുടെ വിവരങ്ങൾ പദ്ധതിയുടെ ഓൺലൈൻ പോർട്ടലിൽ ചേർക്കുന്നതിന് റബ്ബറുത്പാദകസംഘങ്ങൾക്ക് കൂടുതൽ സമയം ആവശ്യമായതിനാൽ പുതിയ രജിസ്ട്രേഷനുള്ള കാലാവധി നീട്ടിക്കൊടുക്കണമെന്ന് സംസ്ഥാനസർക്കാരിനോട് റബ്ബർബോർഡ് അഭ്യർത്ഥിച്ചിരുന്നു. റബ്ബർബോർഡിന്റെയും സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നുള്ള കർഷകരുടെയും അഭ്യർത്ഥന പരിഗണിച്ചുകൊാണ് പദ്ധതിയിൽ ചേരുന്നതിനുള്ള കാലാവധി നീട്ടിക്കൊ് സർക്കാർ ഉത്തരവിട്ടിരിക്കുന്നത്.

നിലവിൽ പദ്ധതിയിൽ അംഗങ്ങളായിട്ടുള്ളവർ റബ്ബർ നിൽക്കുന്ന സ്ഥലത്തിന്റെ തന്നാിൽ കരമടച്ച രസീതുമായി റബ്ബറുത്പാദകസംഘങ്ങളെ സമീപിച്ച് രജിസ്ട്രേഷൻ പുതുക്കേതാണ്. റബ്ബറുത്പാദന പ്രോത്സാഹനപദ്ധതിയെക്കുറിച്ച് കൂടുതൽ അറിയുന്നതിന് റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഫോൺ: 0481 2576622

അസിസ്റ്റന്റ് ഡയറക്ടർ (പബ്ലിസിറ്റി)